## 279

*രീതി: എന്തതിശയമേ ദൈവത്തിൻ*

ഇദ്ധരയിലെന്നെ ഇത്രമേൽ സ്നേഹിപ്പാൻ
എന്തുള്ളു ഞാനപ്പനേ!-നിന്റെ
ഉദ്ധാരണത്തെ ഓർത്തു ദിനംപ്രതി സന്തോഷിക്കുന്നത്യന്തം

1 പുത്രന്റെ സ്നേഹത്തെ ക്രൂശിൻമേൽ കാണുമ്പോൾ
ശത്രുഭയം തീരുന്നു -എന്നെ
മിത്രമാക്കിടുവാൻ കാണിച്ച നിൻകൃപ എത്ര മനോഹരമേ!-

2 ശത്രുവാമെന്നെ നിൻപുത്രനാക്കിടുവാൻ
പുത്രനെ തന്നല്ലോ നീ - ദേവാ
ഇത്ര മഹാസ്നേഹം ഇദ്ധരയിലൊരു മർത്യനുമില്ല ദൃഢം-

3 നീചനരനാമീയേഴയെ സ്നേഹിച്ചീ
നീചലോകത്തിൽ വന്നു - യേശു
നീച മരണം മരിപ്പതിന്നായ് തന്നെ നീചന്മാർക്കേൽപ്പിച്ചല്ലോ-

4 കൂട്ടം വെറുത്തു കുലവും വെറുത്തെന്നെ
കൂട്ടുകാരും വെറുത്തു - എന്നാൽ
കൂട്ടായിത്തീർന്നെന്റെ സ്വർഗ്ഗീയസ്നേഹിതൻ
കഷ്ടകാലത്തും വിടാ-

5 മാതാപിതാക്കന്മാരെന്നെ വെടിഞ്ഞാലും
സന്താപമില്ലെനിക്കു - എന്റെ
മാതാപിതാവെക്കാൾ അൻപു തിങ്ങിടുന്നോ
രേശുവു ് എനിക്കു-

6 മുമ്പിലും പിമ്പിലും കാവലായ് നിന്നു നീ
മുമ്പിൽ നടക്കേണമേ - നിന്റെ
ഇമ്പമുള്ള രാജ്യേ വന്നു ചേരും വരെ
അമ്പോടു കാക്കേണമേ- **K.V.C**